പതിനാലാം കേരള നിയമസഭ

10-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2755 | 12.03.2018-ൽ മറുപടിക്ക്

2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.വി.വിജയദാസ്<br>ശ്രീമതി യു. പ്രതിഭ ഹരി<br>ശ്രീ.മുരളി പെരുനെല്ലി<br>ശ്രീ. സി.കെ ശശീന്ദ്രൻ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി നെൽവയലോ നീർത്തടമോ നികത്തുകയോ മാറ്റം വരുത്തുകയോ ചെയ്യുന്നത് സംബന്ധിച്ച് നിരീക്ഷിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള തദ്ദേശ-ജില്ലാ-സംസ്ഥാനതല നിരീക്ഷണ സമിതികളുടെ പ്രവർത്തനങ്ങൾ അവലോകനം നടത്തിയിട്ടുണ്ടോ; | (എ) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ 5,9,8 എന്നീ വകുപ്പുകൾ പ്രകാരം, പ്രാദേശിക — ജില്ലാ - സംസ്ഥാനതല നിരീക്ഷണ സമിതികൾ എല്ലാ ജില്ലകളിലും പ്രവർത്തിച്ചു വരുന്നു. ടി സമിതിയുടെ പ്രവർത്തനങ്ങൾ അവലോകനം നടത്തുന്നതിന് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ല. |
| (ബി) നിയമലംഘന കേസുകളും അതിനെതിരെ കൈക്കൊണ്ട നടപടികളും സംബന്ധിച്ചുള്ള വിവരങ്ങൾ ബന്ധപ്പെട്ട റവന്യൂ ഡിവിഷൻ ഓഫീസുകളിൽ സൂക്ഷിക്കാറുണ്ടോ; | (ബി) എല്ലാ റവന്യൂ ഡിവിഷൻ ഓഫീസുകളിലും നിയമലംഘന കേസുകളും അതിനെതിരെ സ്വീകരിച്ച നടപടികളെയും സംബന്ധിച്ച് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. |
| (സി) നിയമ വിരുദ്ധമായി പരിവർത്തനം നടത്തിയതായി കണ്ടെത്തിയ ഭൂമി പൂർവ്വ സ്ഥിതിയിൽ ആക്കുന്നതിനായി നടത്തിയിട്ടുള്ള ശ്രമങ്ങൾ വിജയിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) ഉണ്ട്. കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വന്നതിനു ശേഷം സംസ്ഥാനത്താകെ നിയമ ലംഘനങ്ങൾ ശ്രദ്ധയിൽപ്പെട്ട 6830 കേസുകളിൽ സ്റ്റോപ്പ് മെമ്മോ നൽകുകയും, 740 കേസുകളിൽ ഉൾപ്പെട്ട 260.60.32 ഹെക്ടർ പൂർവ്വസ്ഥിതിയിലാക്കാൻ ഉത്തരവിടുകയും, 135 കേസുകളിൽ ഉൾപ്പെട്ട 15.61.65 ഹെക്ടർ ഭൂമി പൂർവ്വ സ്ഥിതിയിലാക്കുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**